അഡ്വൈസ് നൽകിയ ഒഴിവുകളിലേക്ക് നിയമനം നൽകാതിരിക്കുന്ന സംഭവം

26 (2977) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് നൽകിയ ഒഴിവുകളിലേക്ക് ചില വകുപ്പുകൾ നിയമനം നൽകാതിരിക്കുന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും അപ്രകാരം നിയമനം നൽകാതിരിക്കുന്നതിനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ ;

(സി) ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പി.എസ്.സി. നൽകുന്ന അഡ്വൈസിൻമേൽ നിയമനം നൽകാതിരിക്കുവാൻ വകുപ്പധികൃതർക്ക് അധികാരമുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില കേസുകളിൽ ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് വകുപ്പദ്ധ്യക്ഷൻമാർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും എന്നാൽ ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നത് കോടതിയുടെ അന്തിമ വിധി വന്നതിന് ശേഷം മാത്രം മതി എന്ന് പി.എസ്.സി.യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സാധാരണഗതിയിൽ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാർ

27 (2978) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഇപ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നു ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം ലഭിച്ചവർ എത്ര ; മറ്റു രീതിയിൽ നിയമനം ലഭിച്ചവർ എത്ര ;

(സി) മറ്റുള്ളവരുടെ നിയമനം ഏത് രീതിയിലാണ് നടത്തിയത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly